**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** **12-07-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണോ കടന്ന് പോകുന്നതെന്ന് അറിയിക്കാമോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | **കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത് . 2021-22 സാമ്പത്തിക വർഷത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ നഷ്ടം (പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം) 529.20 കോടി രൂപയാണ്. നിലവിലുള്ള താരീഫ് അനുസരിച്ച് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം ഉണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതും, ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ് , അറ്റകുറ്റപ്പണികളുടെ ചെലവ് , വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് വരുത്താത്തതും കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.**<br><br>**പൊതുജനങ്ങൾക്ക് അധിക ബാധ്യത ഉണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവഹിച്ചു വരുന്നു.**<br><br>1. **ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.**<br>2. **കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക.**<br>3. **വിതരണശൃംഖലയെ വിവിധ മേഖലകൾ ആക്കി തിരിച്ച് ഡി.എം.എ (District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.**<br>4. **മർദ്ദ നിയന്ത്രണം ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും** |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുക.<br>5. **Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണം സംവിധാനം നിയന്ത്രിക്കുക.**<br>6. **പഴയതും ചോർച്ച ഉള്ളതുമായ സർവീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.**<br>7. **എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക**<br><br>**വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ് മാപ്പ് തയ്യാറാക്കുക. കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ് ചിലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കാവുന്നതാണ് .**<br><br>**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കുടിശ്ശികയായ 2022 കോടി രൂപ പിരിച്ചു എടുക്കുന്നതിനായി ഊർജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട് .**<br><br>**ജലജീവൻ മിഷൻ പദ്ധതിയുടെ 2022-23 വാർഷിക കർമ്മപദ്ധതി പ്രകാരം 32.96 ലക്ഷം കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് . ഇതുവഴി വാട്ടർ അതോറിറ്റിക്ക് വരുമാന വർധനവ് ഉണ്ടാകുകയും കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.** |
| (ബി) | സംസ്ഥാനത്ത് വെള്ളക്കരം ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ? | (ബി) | **വാട്ടർ ചാർജ് ഉയർത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈകൊണ്ടിട്ടില്ല നിലവിലെ സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുന്നതിലേയ്ക്കായി, വരുമാന വർദ്ധനവ് അനിവാര്യമായതിനാൽ നിരക്ക് വർദ്ധനവ് പരിഗണിക്കേണ്ടതായിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ